**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.5938**

**19.11.2019 ൽ**
**മറുപടിയ്ക്ക്**

## സാഹസിക അക്കാദമി

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും,ടെക്സ്റ്റൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാദമിയിൽ എന്തൊക്കെ സാഹസികോദ്യമങ്ങൾ നടന്നുവെന്ന് വർഷം, ഇനം, ചെലവായ തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(എ) ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശിയ സാഹസിക അക്കാഡമി, ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാഡമി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാഹസിക കായിക വിനോദ പരിപാടികൾ നടപ്പിലാക്കിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശിയ സാഹസിക അക്കാഡമി സബ്സെന്റർ,മുഴപ്പിനങ്ങാട് വഴി നടപ്പിലാക്കിയ സാഹസിക പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വർഷം | നടപ്പിലാക്കിയ സാഹസിക പരിപാട് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016 | കാഞ്ഞിരക്കൊല്ലി, മാടായിപ്പാറ ട്രക്കിംഗ് | 45,000 |
| 2 | 2016 | ആറളം വന്യജീവി സങ്കേതം ട്രക്കിംഗ് | 26,330 |
| 3 | 2016 | തുഷാരഗിരി ട്രക്കിംഗ് | 46,050 |
| 4 | 2017 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 1,00,000 |
| 5 | 2017 | ആറളം വന്യജീവി സങ്കേതം ട്രക്കിംഗ് | 27,357 |
| 6 | 2017 | റാണിപുരം ട്രക്കിംഗ് | 34,000 |
| 7 | 2017 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 79,320<br>6,805<br>7,000 |
| 8 | 2018 | സംസ്ഥാന അഡ്വഞ്ചർ ഫോട്ടോഗ്രാഫി അവാർഡ് | 45,000 |
| 9 | 2018 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആർച്ചറി പരിശീലനം | 10,830<br>10,500<br>6,000 |

| | | | |
|---|---|---|---|
| (ബി) | ഈ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ ; ഇവരുടെ പേര്, തസ്തിക, ശമ്പളം ഇവ ലഭ്യമാക്കാമോ; | (ബി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് പ്രവർത്തിക്കുന്ന സാഹസിക അക്കാഡമി സബ്സെന്ററിന്റെ കീഴിൽ ഒരാൾ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.<br>പേര് : പ്രണിത.പി<br>തസ്തിക : സ്പെഷ്യൽ ഓഫീസർ<br>ശമ്പളം : 36,600/- രൂപ (പ്രതിമാസം) |
| (സി) | സാഹസിക അക്കാഡമി സ്പെഷ്യൽ ഓഫീസർക്ക് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത, ശമ്പളം എന്നിവ എത്രയെന്ന് അറിയിക്കാമോ; | (സി) | സാഹസിക അക്കാഡമി സ്പെഷ്യൽ ഓഫീസർക്ക് ബോർഡ് നിശ്ചയിച്ചിട്ടുള്ള യോഗ്യത ചുവടെ ചേർക്കുന്നു.<br><br>ഏതെങ്കിലും വിഷയത്തിൽ ബിരുദം<br>സാഹസിക പ്രവർത്തന മേഖലയിലെ പ്രവൃത്തി പരിചയം<br>ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ<br>പ്രായപരിധി - 35 വയസ്സിൽ കവിയരുത്<br>ശമ്പളം പ്രതിമാസം - 36,600/- രൂപ |
| (ഡി) | മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ പ്രവർത്തനം കാര്യമായി നടക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | മുഴപ്പിലങ്ങാട് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടതുമായി ബന്ധപ്പെട്ട് അക്കാഡമിയുടെ ഓഫീസ് കണ്ണൂർ കളക്ടറേറ്റിലേക്ക് മാറ്റിയിരുന്ന സാഹചര്യത്തിൽ ബീച്ചിനോടനുബന്ധിച്ചുള്ള സാഹസിക പരിപാടികൾ നടത്തുന്നതിന് പരിമിതികൾ ഉണ്ടായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെലവഴിച്ച തുക, ഇനം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി സബ്സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ഇനം | 2016-17 (രൂപ) | 2017-18 (രൂപ) | 2018-19 (രൂപ) | 2019-20 (രൂപ) |
|---|---|---|---|---|---|
| 1 | ശമ്പളം | 537000 | 447390 | 618850 | 364830 |
| 2 | ഓഫീസ് ചെലവുകൾ | 59406 | 36885 | 54989 | 23695 |
| 3 | അറ്റകുറ്റപ്പണികൾ | -- | --- | --- | 15660 |

സെക്ഷൻ ഓഫീസർ